# പുതുവായന
# പുതുചിന്ത



എഡിറ്റർ - ഡോ.എസ്.ജയൻ

Malayalam Language
**Puthu vayana**
**Puthu chintha**
Study

Edited
Dr. S. Jayan
Right Reserved

Publishers Address :
N.Narayananunni Public Library
Nedumoncavu Post
Kollam (Dist), Kerala-691509

Printing :
Nisha Offset Press, Nedumoncavu .
Cover Design :
R.K.Graphics

First Published : july 2021
ISBN : 978-81-951841-4-9

© N.Narayananunni Public Library

No Parts of this Publication may be transmitted in any form or by any means, without prior written permission of the editor.

# ഉള്ളടക്കം


പുതുകവിതയിൽ അലയുന്ന നിഴൽരൂപങ്ങൾ 7

*ഡോ. എം. എസ്. സുചിത്ര*

മലയാള കവിതയിൽ പൊളിച്ചെഴുതപ്പെടുന്ന പെണ്ണിടങ്ങൾ 12

*ഡോ. സ്മിതാ പ്രകാശ്*

സാമൂഹിക പ്രതിഫലനം സന്തോഷ്
എച്ചിക്കാനത്തിന്റെ കഥകളിൽ 28

*രേഖ എസ്.*

മുല്ലപ്പൂനിറമുള്ള പകലുകളിലെ
ജ്ഞാനപരിസരവും ഇടപെടലുകളും 36

*ലിജു ടി. വർഗ്ഗീസ്*

തീവണ്ടിയാത്ര ഒരു ചരിത്രരേഖ 52

*ഡോ.. എസ് ജയൻ*

മാധ്യമ സംസ്കാരം സമകാലിക മലയാള ചെറുകഥയിൽ 62

*ആര്യാ രാജ് ആർ.*

മൃതിയുടെ സമവാക്യങ്ങൾ സുഭാഷ് ചന്ദ്രന്റെ കഥകളിൽ 68

*അശ്വനി മോഹൻ പി.*

പെൺമയുടെ ആത്മഭാഷണങ്ങൾ
വി.എം. ഗിരിജയുടെ കവിതകളിൽ 74

*ദിവ്യ എൽ.*

സ്വവർഗ്ഗാനുരാഗത്തിന്റെ തലങ്ങൾ ആസിഡ് എന്ന നോവലിൽ79

*രശ്മി കെ.*

പ്രതിനായകത്വത്തിന്റെ ദൈവീകത 87

*സരിത എസ്. എൽ*

അംബികാസുതൻ മാങ്ങാടിന്റെ കഥകളിലെ ടെലികോം 94

*ഷൈനി പി.*

വള്ളുവനാടൻ ജനസംസ്കാരം എം.ടി. തിരക്കഥകളിൽ 103

*തിങ്കൾ യു. എസ്*

ഉത്തരാധുനികതയും അതീത യാഥാർത്ഥ്യവും 114

*എസ്. ആർ. ഹരിത*

# മലയാളകവിതയിൽ പൊളിച്ചെഴുതപ്പെടുന്ന പെണ്ണിടങ്ങൾ

ഡോ. സ്മിതാ പ്രകാശ്

ഇന്നത്തെ സമൂഹത്തിൽ എന്തും ഏതും വിപണിവത്കരിക്കപ്പെടുന്ന കാഴ്ചയാണ് നാം കാണുന്നത്. നവമാധ്യമങ്ങളുടെ സങ്കീർണ്ണമായ ഇടപെടലുകൾ കീ കൊടുത്ത പാവകളെപ്പോലെ നമ്മെ അനുനിമിഷം ചലിപ്പിച്ചുകൊണ്ടേയിരിക്കുന്നു. കാര്യമോ-അകാര്യമോ/സത്യമോ-മിഥ്യയോ/സുപ്രസിദ്ധിയോ-കുപ്രസിദ്ധിയോ... എന്തും ഏതും ഇന്ന് ചർച്ച ചെയ്യപ്പെടുന്നു. അവയുടെ മായികലോകത്ത് ജീവിക്കുന്ന നമുക്ക് അവയാണ് ജീവശ്വാസമെന്നു പോലും തോന്നിപ്പോകും. സമൂഹത്തിന്റെ ഈ ചുവടുമാറ്റം നമ്മുടെ സാഹിത്യത്തിലും പ്രതിഫലിക്കുന്നുണ്ട്. കഥ, കവിത, നോവൽ, നാടകം, നിരൂപണം.... തുടങ്ങിയവയ്ക്കും ഇന്ന് എന്തും വിഷയമാണ്. ചെറുതും വലുതുമായ പ്രമേയങ്ങളുടെ പുതുമയേറിയ ആവിഷ്കരണങ്ങൾ സാഹിത്യത്തെ വളരെ വ്യത്യസ്ഥമാക്കിത്തീർക്കുന്നു. മലയാള കവിതയിലും ഇത്തരത്തിലുള്ള മാറ്റങ്ങൾ പ്രകടമാകുന്നുണ്ട്.

വ്യത്യസ്ത അനുഭവ ആവിഷ്കരണങ്ങളിലൂടെ സമകാലികവിഷയങ്ങൾ അടയാളപ്പെടുത്തുന്നവയാണ് ഇന്നത്തെ കവിതകൾ. കവിതയുടെ സാമ്പ്രദായിക മുൻവിധികളെയും അതിന്റെ പാരമ്പര്യങ്ങളെയും വേരോടെ പിഴുതെറിയുകയായിരുന്നു. പൂർവ്വികമായ കോൽകണക്കുകളൊന്നും അവിടെ ലേശം പോലും അലോസരപ്പെടുത്തുന്നില്ല. നിശ്ശബ്ദവും ലളിതവുമെന്ന് തോന്നിപ്പിക്കുന്ന ആന്തരിക കലാപങ്ങളെ ആഴത്തിൽ ഒളിപ്പിച്ചുകൊണ്ടാണ് ഇത്തരം കവിതകളുടെ രംഗപ്രവേശം. ജീവിതത്തെ രൂപകങ്ങളും ഉപമകളുമില്ലാതെ യാഥാർത്ഥ്യബോധത്തോടെ ആവിഷ്കരിച്ചിരിക്കുന്നു. വ്യത്യസ്തമായ സ്വത്വാവിഷ്കാരങ്ങൾ, വിശ്വസങ്കല്പനങ്ങളിൽ നിന്ന് പ്രാദേശികതയിൽ എത്തി നിൽക്കുന്ന നിരീക്ഷണങ്ങൾ, അന്വേഷണങ്ങൾ, അപഗ്രഥനങ്ങൾ ഇവയെല്ലാം കവിതയുടെ കെട്ടും മട്ടും ഒട്ടല്ല മാറ്റിയിരിക്കുന്നത്. ഈ വിധത്തിൽ മലയാളകവിത മുഴുവനായും പിടികൊടുക്കാത്ത ഒരു പ്രഹേളികയായി രൂപപ്പെടുന്നുണ്ട്.